# വിജ്ഞാപനം

കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിലും റൂറൽ സിഡിഎസ്സിലുമായി ഹരിത കർമ്മസേന പദ്ധതി നിർവ്വഹണത്തിനായി ഹരിതകർമ്മസേന കോ-ഓർഡിനേറ്റർമാരുടെ ഒഴിവിലേയ്ക്കായി താഴെപ്പറയും പ്രകാരം അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ് നം. | തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം | യോഗ്യതകൾ | വയസ്/ പ്രായപരിധി | പ്രതിമാസ ഹോണറേറിയം |
|---|---|---|---|---|---|
| HKS COD 2 | ഹരിത കർമ്മസേന കോ-ഓർഡിനേറ്റർ – ജില്ല | 1 | ബിരുദാനന്തര ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, 2 വർഷത്തെ ഫീൽഡ് ലെവൽ പ്രവർത്തി പരിചയം | 25 മുതൽ 40 | 25,000/- രൂപ |
| HKS COD 3 | ഹരിത കർമ്മസേന കോ-ഓർഡിനേറ്റർ – സിഡിഎസ് | 94 | ബിരുദം/ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം (സ്ത്രീകൾ മാത്രം) | 25 മുതൽ 40 | 10,000/- രൂപ |

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

1. അപേക്ഷ ഫോം കുടുംബശ്രീ സി.ഡി.എസ് ഓഫീസിൽ നിന്ന് നേരിട്ടോ www.kudumbashree.org എന്ന വെബ് സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.

2. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 സെപ്റ്റംബർ 13 നു വൈകുന്നേരം 5 മണി വരെ. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
3. ഭാഗികമായി പൂരിപ്പിച്ച/അവ്യക്തമായ അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.
4. പരീക്ഷാ ഫീസായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, District Mission Co ordinator ,Kudumbashree Mission Malappuram പേരിൽ മാറാവുന്ന 200/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. പൂരിപ്പിച്ച അപേക്ഷയ്ക്കൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ അടങ്ങിയ പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, അയൽക്കൂട്ട അംഗം/കുടുംബാംഗം/ഓക്സിലറി ഗ്രൂപ്പംഗം ആയതിൽ ഏതാണെന്നു സി.ഡി.എസ് സാക്ഷ്യപ്പെടുത്തിയതും , ഡി.എഫ്.കെ '/ അതിദരിദ്ര സർവ്വേ ഉൾപ്പെട്ട കുടുംബാംഗം / ഭിന്നശേഷി കാർ ഉൾപ്പെട്ട കുടുംബാംഗം /എസ്.സി/എസ്.ടി കുടുംബാംഗങ്ങൾ / വനിതകൾ ഗൃഹനാഥയായിട്ടുള്ള കുടുംബാംഗം എന്നിവയിൽ വെയ്റ്റെജ് മാർക്ക് ഉൾപ്പെട്ട ഏതെങ്കിലുമാണോ എന്നുള്ളത് രേഖപ്പെടുത്തിയ സിഡിഎസ്സിന്റെ സാക്ഷ്യപത്രവും ഡിമാന്റ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്.
6. യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതില്ല.
7. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ കുടുംബശ്രീ HKS COD 2 അല്ലെങ്കിൽ HKS COD 3 എന്ന് വ്യക്തമായി രേഖപ്പെടുത്തണം.
8. ഓരോ കോഡിലുള്ള തസ്തികകൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം

ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ ഓഫീസ്,

സിവിൽ സ്റ്റേഷൻ മലപ്പുറം , പിൻ 676505 , ഫോൺ - 0483-2733470

തീയതി 2/9/2024

സ്ഥലം മലപ്പുറം

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

കുടുംബശ്രീ ജില്ലാ മിഷൻ
കുടുംബശ്രീ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ
സിവിൽ സ്റ്റേഷൻ മലപ്പുറം - 676 505

ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ
കുടുംബശ്രീ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ
മലപ്പുറം - 676 505

## HKS കോ-ഓർഡിനേറ്റർ പരീക്ഷയിൽ ഉൾപ്പെടുന്ന വിഷയങ്ങൾ (സിലബസ്) സംബന്ധിച്ച വിശദാംശങ്ങൾ

1. കുടുംബശ്രീയെ സംബന്ധിച്ച് (തീം ഉൾപ്പെടെ) - 30%

   (കുടുംബശ്രീയുടെ ആവിർഭാവം, ത്രിതല സംഘടനാ സംവിധാനം, വിവിധ വകുപ്പുകളുമായുള്ള സംയോജിത പ്രവർത്തനങ്ങൾ, കുടുംബശ്രീയിലൂടെ നടപ്പിലാക്കപ്പെടുന്ന വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ/ഉപപദ്ധതികൾ/പ്രവർത്തനങ്ങൾ, സംഘടനാ തെരഞ്ഞെടുപ്പ്, ഓർഗാനോഗ്രാം തുടങ്ങിയവ)

2. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം/പദ്ധതികൾ - 20%

   (തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ /പദ്ധതികൾ, കുടുംബശ്രീയുമായുള്ള സംയോജിത പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്)

3. ഹരിത കർമ്മ സേന & മാലിന്യ സംസ്കരണം - 20%

4. കറണ്ട് അഫയേഴ്സ് - 10%

5. ഇംഗ്ലീഷ് പരിജ്ഞാനം - 10%

6. Reasoning & Mental Ability - 10%

**ഉദ്യോഗാർത്ഥിയുടെ യോഗ്യത**

1. ഹരിതകർമ്മസേന പ്രവർത്തനം സംബന്ധിച്ച വ്യക്തത, ഹരിതകർമ്മസേന പ്രവർത്തനം സംബന്ധിച്ചുള്ള ഉത്തരവുകളിലുള്ള അറിവ്
2. കുടുംബശ്രീ സംവിധാനം, കുടുംബശ്രീ സംരംഭം എന്നിവയിൽ അറിവ്
3. കുടുംബശ്രീ സ്റ്റേറ്റ് മിഷൻ, ജില്ലാമിഷൻ വഴി നടപ്പിലാക്കാൻ നിർദ്ദേശിക്കുന്ന ഹരിതകർമ്മസേന പ്രവർത്തന കലണ്ടർ സമയ പരിധിയിൽ ലക്ഷ്യ പൂർത്തീകരണം നടത്താനുള്ള സന്നദ്ധത
4. ലക്ഷ്യ പൂർത്തീകരണം അനുസരിച്ച് വരുമാനം ലഭിക്കുക എന്ന രീതിയിൽ പ്രവർത്തിക്കാനുള്ള താല്പര്യം
5. തസ്തികയുടെ അടിസ്ഥാനത്തിൽ വിജ്ഞാപനത്തിൽ പരാമർശിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയുണ്ടായിരിക്കണം.
6. ഭാഷ: മലയാളം, ഇംഗ്ലീഷ് എഴുതാനും വായിക്കാനും കഴിയണം.
7. കമ്പ്യൂട്ടർ, സോഷ്യൽ മീഡിയ, എം.എസ് ഓഫീസ്, ഇമെയിൽ, ഗൂഗുൾ മീറ്റ് തുടങ്ങിയ ഉപാധികൾ ഉപയോഗിക്കാൻ അറിവുണ്ടായിരിക്കണം.
8. മാലിന്യ സംസ്ക്കരണ മേഖലയിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും, നടപ്പിലാക്കാനും അവതരണങ്ങൾ നടത്താനും പ്രാപ്തരായിരിക്കണം.
9. പദ്ധതിയുടെ പുരോഗതിയ്ക്കായി പുതിയ മേഖലകൾ കണ്ടെത്തുന്നതിലേയ്ക്ക് ഗവേഷണം, പരിശീലനം എന്നിവയിൽ പങ്കെടുക്കാൻ താത്പര്യം ഉണ്ടാകണം.
10. കുടുംബശ്രീ വനിതകളുടെ സംരംഭ പുരോഗതിയ്ക്കായി മെന്ററിംഗ് നൽകാൻ പ്രാപ്തിയുണ്ടാവുകയും കമ്മ്യൂണിറ്റി തലത്തിൽ ആരോഗ്യകരമായ ബന്ധങ്ങളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്താനും സാധിക്കണം.
11. കുടുംബശ്രീ വനിതകളുടെ സംരംഭ ഉയർച്ചയ്ക്കുള്ള സേവനം എന്ന രീതിയിൽ പ്രവർത്തനത്തെ കാണുവാനും, അംഗങ്ങളുടെ പ്രവർത്തനങ്ങളെ ബഹുമാനിക്കത്തക്ക അന്തരീക്ഷം പദ്ധതി കാലയളവിൽ ഉടനീളം നിലനിർത്താനും ടി അംഗത്തിന് സാധിക്കണം.

# കുടുംബശ്രീ

## ഹരിതകർമ്മസേന കോ-ഓർഡിനേറ്റർ (സിഡിഎസ് , ജില്ലാ തലത്തിൽ )

## അപേക്ഷാ ഫോറം

- *അപേക്ഷാ ഫോം നിബന്ധനകൾ കൃത്യമായി വായിച്ചശേഷം പൂരിപ്പിക്കുക*

**അപേക്ഷ സമർപ്പിക്കുന്ന തസ്തിക (കോഡ് ഉൾപ്പെടെ):**

| A. | വ്യക്തിപരമായവ | |
|---|---|---|
| 1. | അപേക്ഷക(ൻ)യുടെ പേര്<br>(മലയാളത്തിലും ഇംഗ്ലീഷിലും) | |
| 2. | ജനനത്തീയതി | |
| 3. | ആധാർ നമ്പർ<br>ഇല്ലെങ്കിൽ<br>തിരിച്ചറിയൽ കാർഡ് നമ്പർ | |
| 4. | വിദ്യാഭ്യാസ യോഗ്യത | |
| 5. | **മേൽവിലാസം**<br>നിലവിലുള്ളത്: | |
| | സ്ഥിരമേൽവിലാസം: | |
| 6. | പഞ്ചായത്ത് | |
| 7. | ബ്ലോക്ക് | |
| 8. | ജില്ല | |
| 9. | ഫോൺ നം. | മൊബൈൽ : |

| | | |
|---|---|---|
| | | ലാന്റ് നമ്പർ : |
| 10. | ഇ-മെയിൽ വിലാസം | |
| **B** | **കുടുംബശ്രീ അംഗത്വം/ ഓക്സിലറിഅംഗത്വം സംബന്ധിച്ച്**<br><br>**വിവരങ്ങൾ** | |
| 11. | അപേക്ഷകയുടെ അംഗത്വം ഉൾക്കൊള്ളുന്ന സി.ഡി.എസ് | |
| 12. | അപേക്ഷകയുടെ അംഗത്വം ഉൾക്കൊള്ളുന്ന എ.ഡി.എസ് | |
| 13. | അപേക്ഷക / കുടുംബാംഗം അംഗമായ അയൽക്കൂട്ടത്തിന്റെ/ ഒക്സിലറി ഗ്രൂപ്പിന്റെ പേര് | |
| 14. | അയൽക്കൂട്ടത്തിന്റെ / ഓക്സിലറി ഗ്രൂപ്പിന്റെ അഫിലിയേഷൻ നം. | |
| 15. | അയൽക്കൂട്ടത്തിൽ/ ഓക്സിലറിയിൽ അംഗമായ മാസവും വർഷവും | |
| **C** | **അപേക്ഷക കുടുംബശ്രീ അയൽക്കൂട്ടത്തിൽ/ ഓക്സിലറി അംഗമല്ലെങ്കിൽ മാത്രം പൂരിപ്പിക്കേണ്ടത്** | |
| 16. | അപേക്ഷകയും കുടുംബശ്രീ അംഗവും തമ്മിലുള്ള ബന്ധം | |
| 17. | ഒരു വീട്ടിലാണോ താമസിക്കുന്നത് | |
| 18. | റേഷൻ കാർഡ് നം. | |
| **D** | **പ്രവർത്തി പരിചയം സംബന്ധിച്ച്** | |
| 19. | സമൂഹാധിഷ്ഠിത പദ്ധതികളിൽ പങ്കെടുത്തുള്ള പരിചയം<br><br>(സ്ഥാപനത്തിന്റെ പേര്, പദ്ധതിയുടെ പേര്, ജോലിചെയ്ത കാലയളവ് എന്നിവ വ്യക്തമാക്കിയിരിക്കണം.<br><br>പരിചയം തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം) | |

| | | |
|---|---|---|
| 20. | കുടുംബശ്രീയിൽ പ്രവർത്തിച്ചുള്ള പരിചയമുണ്ടോ ? ഉണ്ടെങ്കിൽ തസ്തിക , പ്രവർത്തന കാലയളവ് | |
| 21. | കംപ്യൂട്ടർ പ്രാവീണ്യം ഉണ്ടോ? | ഉണ്ട് / ഇല്ല |
| 22. | ഉണ്ട് എന്നാണുത്തരമെങ്കിൽ കോഴ്സുകൾ വ്യക്തമാക്കുക | |
| **F** | ഉള്ളടക്കം | 1.<br>2.<br>3<br>..... |